# പതിനാലാം കേരള നിയമസഭ

## പതിനാറാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം T 1642 01/11/2019-ൽ മറുപടിയ്ക്ക്

### ലൈഫ് പദ്ധതി പ്രകാരം പൂർത്തീകരിച്ച വീട്ടുകൾ

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ.യു. ആർ. പ്രദീപ് | | ശ്രീ.എ.സി.മൊയ്തീൻ<br>(തദ്ദേശസ്വയംഭരണ വകുപ്പ് മന്ത്രി) | |
| എ) | ലൈഫ് പദ്ധതി പ്രകാരം സംസ്ഥാനത്ത് ഇതുവരെ എത്ര വീടുകളുടെ പണി പൂർത്തീകരിച്ചിട്ടുണ്ട്; ഒന്നാം ഘട്ടം, രണ്ടാം ഘട്ടം, മൂന്നാം ഘട്ടം എന്നിവയിൽ പൂർത്തീകരിച്ചത് പ്രത്യേകം വ്യക്തമാക്കുമോ; | എ), | ലൈഫ് പദ്ധതി പ്രകാരം സംസ്ഥാനത്ത് ഇതുവരെ 1,42,834 വീടുകളുടെ പണി പൂർത്തീകരിച്ചിട്ടുണ്ട്. ഇതിൽ ഒന്നാം ഘട്ടത്തിൽ 51,831 വീടുകളും രണ്ടാം ഘട്ടത്തിൽ 91,003 വീടുകളും മൂന്നാം ഘട്ടത്തിൽ 217 അപ്പാർട്ടുമെന്റുകളടങ്ങിയ ഒരു ഭവനസമുച്ചയവും ഗുണഭോക്താക്കൾക്കായി നിർമ്മിച്ച നൽകിയിട്ടുണ്ട്. |
| ബി) | മൂന്നാം ഘട്ടത്തിൽ എത്ര വീടുകളുടെ പണി പൂർത്തീകരിക്കാനുണ്ട്; | ബി) | മൂന്നാം ഘട്ടത്തിൽ നിലവിൽ നടന്നുവരുന്ന രേഖാ പരിശോധനയ്ക്ക് ശേഷം അർഹരായി കണ്ടെത്തുന്ന ഭൂരഹിത ഭവനരഹിതരായിട്ടുള്ള ഗുണഭോക്താക്കൾ ഭവനസമുച്ചയങ്ങൾ വഴി 500 ച.അടി വിസ്തീർണ്ണമുള്ള ഫ്ളാറ്റുകൾ നൽകുന്നതിനാണ് ഉദ്ദേശിച്ചിട്ടുള്ളത്. അർഹതാ പരിശോധന കഴിഞ്ഞാൽ മാത്രമെ മൂന്നാംഘട്ടത്തിൽ എത്ര ഫ്ലാറ്റുകൾ വേണ്ടിവരുമെന്ന് കണക്കാക്കാൻ സാധിക്കുകയുള്ളൂ. |
| സി) | സ്ഥലം ഇല്ലാത്ത എത്ര ഗുണഭോക്താക്കൾ സംസ്ഥാനത്തുണ്ട്; ഇവർക്ക് വീട്ടു നിർമ്മിക്കുന്നതിനായി എത്ര ഏക്കർ ഭൂമി കണ്ടെത്തണം; ഇത്രയും ഭൂമി എങ്ങനെ കണ്ടെത്താനാണ് ശ്രമിച്ചുവരുന്നത്; ഇതു സംബന്ധിച്ച വിശദാംശം വ്യക്തമാക്കാമോ? | (സി) | ഭൂരഹിത ഭവനരഹിതരായി 3,37,416 ഗുണഭോക്താക്കളെയാണ് സർവ്വേയിലൂടെ കണ്ടെത്തിയിട്ടുള്ളത്. ഗുണഭോക്താക്കളുടെ അർഹതാ പരിശോധന തദ്ദേശ സ്വയംഭരണ സ്ഥാപന തലത്തിൽ നടന്നുവരികയാണ്. അർഹതാ പരിശോധന കഴിഞ്ഞാൽ മാത്രമേ അന്തിമ ഗുണഭോക്തൃ പട്ടിക ലഭ്യമാകുകയുള്ളൂ. അന്തിമ ഗുണഭോക്തൃ പട്ടിക ലഭ്യമായാൽ മാത്രമെ കണ്ടെത്തേണ്ട ഭൂമിയുടെ അളവ് നിർണ്ണയിക്കാൻ സാധിക്കുകയുള്ളൂ. ജില്ലാ കളക്ടർമാരുടെ നേതൃത്വത്തിലും തദ്ദേശസ്വയംഭരണ സ്ഥാപനതലത്തിലും ജില്ലാ കോ-ഓർഡിനേറ്റർ മുഖേന ഭൂമി കണ്ടെത്തി വരികയാണ്. |

സെക്ഷൻ ഓഫീസർ